**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 239** | **24-02-2026 - ൽ മറുപടിയ്ക്ക്**

**ആദിവാസി ഗോത്ര മേഖലയുടെ സമഗ്ര ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 2016-2021, 2021-2026 കാലയളവിൽ ആദിവാസി ഗോത്ര വിഭാഗത്തിന് വ്യക്തിഗതാവകാശം വഴിയും സാമൂഹിക അവകാശം വഴിയും എത്ര ഏക്കർ ഭൂമി ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ; | (എ) | **2016-2021 കാലയളവിൽ 1564 കുടുംബങ്ങൾക്ക് 2063.57 ഏക്കർ ഭൂമിയും, 2021-2026 കാലയളവിൽ 3126 കുടുംബങ്ങൾക്ക് 4224.53 ഏക്കർ ഭൂമിയും വ്യക്തിഗത കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്.**<br><br>**2016-2021 കാലയളവിൽ ആകെ 700679.72 ഏക്കർ ഭൂമിയ്ക്കായി 28 സാമൂഹിക അവകാശങ്ങളും, 2021-2026 കാലയളവിൽ 87636.42 ഏക്കർ ഭൂമിയ്ക്കായി 110 സാമൂഹിക അവകാശങ്ങളും നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത ഭൂമി ഉപയോഗപ്പെടുത്തി ഗോത്ര മേഖലയുടെ സമഗ്ര ശാക്തീകരണം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | **ട്രൈബൽ സബ്പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാർക്കുള്ള വരുമാനദായക കാർഷിക ഉദ്യമം പദ്ധതി, കേരള ട്രൈബൽ പ്ലസ്, അടിയ പണിയ, പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പദ്ധതി, കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവന മിഷൻ തുടങ്ങിയവയിലൂടെ വനാവകാശ പ്രകാരം നൽകിയ ഭൂമിയിൽ ജീവസന്ധാരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട വില്ലേജുകളിൽ കേന്ദ്ര സർക്കാരിന്റെ Dharti Aaba Janjathiya Gram Utkarsh Abhiyan (DA-JGUA) പദ്ധതി പ്രകാരം വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ, സുസ്ഥിര ഉപജീവന പദ്ധതികൾ നടപ്പിലാക്കൽ, മൾട്ടി പർപ്പസ് സെന്ററുകളുടെ നിർമ്മാണം, പ്രത്യേക ദുർബല ഗോത്ര വർഗ്ഗക്കാർക്കായുള്ള Pradhan Manthri Janjathi Adivasi Nyaya Maha Abhiyan (PM-JANMAN) പദ്ധതിയിലും** |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഉപജീവന പദ്ധതികൾ എന്നിവയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണനത്തിനായി വനം വകുപ്പ് മുഖേന വൻധൻ വികാസ് കേന്ദ്രകൾ (VDVK) ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വനവും വനവിഭവങ്ങളും സംരക്ഷിച്ചുകൊണ്ടും അവ ഉപയോഗപ്പെടുത്തി മൂല്യവൽകൃത വിപണി ഉയർത്തിക്കൊണ്ടും ആദിവാസി ജനതയെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | 2006 ലെ വനാവകാശ നിയമത്തിലെ സാമൂഹിക അവകാശ പ്രകാരം വനത്തിനുള്ളിൽ നിന്നും ചെറുകിട വന വിഭവങ്ങൾ ശേഖരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള അവകാശം ആദിവാസികളിൽ നിക്ഷിപ്തമാണ്. വന മേഖലയുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പൈതൃകമായ അറിവുകൾ കൂടി ഉൾകൊള്ളിച്ചാണ് വന വിഭവ ശേഖരണം, വന സംരക്ഷണം, വന പരിപാലനം എന്നിവ നടപ്പിലാക്കി വരുന്നത്.<br><br>Centre for Management in Development (CMD) മുഖേന 8 ജില്ലകളിൽ ഉപജീവന പദ്ധതി നടപ്പിലാക്കുന്നു. പദ്ധതിയിൽ വന വിഭവങ്ങളെ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റി വിപണനം നടത്തുന്ന ഘടകവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗക്കാർക്കായുള്ള Pradhan Manthri Janjathi Adivasi Nyaya Maha Abhiyan (PM-JANMAN) പദ്ധതിയിൽ ഉൾപ്പെടുത്തി മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണനത്തിനായി വനം വകുപ്പ് മുഖേന വൻധൻ വികാസ് കേന്ദ്രകൾ (VDVK) ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>വനം വകുപ്പ് മുഖേന വനാശ്രിതരായ സമൂഹത്തിന്റെ ക്ഷേമത്തിനായി വനാശ്രിതരായ തദ്ദേശീയരെ അംഗങ്ങളാക്കി വന സംരക്ഷണ സമിതികൾ / എക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് വന പരിപാലന, വന സംരക്ഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മൂല്യവർദ്ധിത തടിയേതര വന വിഭവങ്ങളുടെ വിൽപ്പനയ്ക്കായി വനശ്രീ വിപണന ശൃംഖലകൾ പ്രവർത്തിക്കുന്നു. കേന്ദ്ര സർക്കാർ ഏജൻസിയായ TRIFED ന്റെയും സംസ്ഥാന സർക്കാരിന്റെയും (75:25 CSS) ധനസഹായത്തോടെ ചെറുകിട വന വിഭവങ്ങൾക്ക് താങ്ങ് വില നൽകുന്ന MSP for MFP പദ്ധതിയും നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ